# യേശുദാസ് സമാധാന ദൂതനായി പുതിയ ഡയലോഗ് സംരംഭം

**ജസ്റ്റിസ്** വി.ആർ കൃഷ്ണയ്യർ രക്ഷാധികാരിയും പത്മവിഭൂഷൻ ഡോ. കെ.ജെ യേശുദാസ് സമാധാന ദൂതനായും പുതിയ ഡയലോഗ് സെന്റർ ന്യൂദൽഹിയിൽ രൂപവൽകരിച്ചു. ഇസ്‌ലാമും പൗരസ്ത്യ മതങ്ങളും എന്ന തലക്കെട്ടിൽ ദൽഹി ജാമിഅ മില്ലിയയിൽ നടന്ന ഡയലോഗ് വേദിയിലാണ് ഈ പുതിയ സംരംഭത്തിന് തുടക്കമായത്. ഡോ. കെ.ജെ യേശുദാസിനെ ഡയലോഗ് സെന്ററിന്റെ സമാധാന ദൂതനായി നിയോഗിച്ച് ജസ്റ്റിസ് വി.ആർ കൃഷ്ണയ്യർ അയച്ച സന്ദേശം യോഗത്തിൽ വായിച്ചു. ഡയലോഗ് സെന്ററിന്റെ പുതിയ സംഘാടക സമിതി അംഗങ്ങളെയും വേദിയിൽ പ്രഖ്യാപിച്ചു.

ഡോ. കെ.ജെ യേശുദാസ്, ജഗദ്ഗുരു ശ്രീ ശങ്കരാചാര്യ ഓംകാർ ആനന്ദ് സരസ്വതി മഹരാജ്, ജസ്റ്റിസ് പി.കെ ഷംസുദ്ദീൻ, ഡോ. സി.കെ രാമചന്ദ്രൻ, ജസ്റ്റിസ് കെ.എ അബ്ദുൽ ഗഫൂർ, ഫാദർ ഡോ. ആൽബർട്ട് നമ്പ്യാപറമ്പിൽ, അഡ്വ. പി.കെ ഇബ്റാഹീം, പ്രഫ. എം.ഡി നാലപ്പാട്, ഡോ. കെ.കെ ഉസ്മാൻ, ഫാദർ റോബി, കേണൽ വി.എസ്.എം മക്കാർ, ഡോ. സെബാസ്റ്റ്യൻ പോൾ, എൻ.എം ഷറഫുദ്ദീൻ, കെ.പി രാമനുണ്ണി, പ്രഫ. നൈനാൻകോശി, പ്രഫ. കെ.എം ബഹാവുദ്ദീൻ, ഫാദർ ആൽഫ്രഡ് പറമ്പ, കെ.വി മുഹമ്മദ് സക്കീർ, ഫാദർ ഡോ. തോമസ്, സി.എച്ച് അബ്ദുർറഹീം, വി.കെ അബ്ദുൽ അസീസ്, വി.എ മുഹമ്മദ് അശ്റഫ് തുടങ്ങിയവർ ഭരണസമിതി അംഗങ്ങളാണ്.

ജസ്റ്റിസ് കെ.എ അബ്ദുൽഗഫൂർ അധ്യക്ഷത വഹിച്ച യോഗത്തിൽ യേശുദാസ് മുഖ്യപ്രഭാഷണം നടത്തി.

"ജഗദീശ്വരൻ എന്നോ, അല്ലാഹുവെന്നോ, യഹോവയെന്നോ, പരഃബ്രഹ്മം എന്നോ പേരിട്ട് വിളിക്കാൻ കഴിയുന്ന വിശാലനായ ദൈവത്തിലാണ് ഞാൻ വിശ്വസിക്കുന്നത്. എല്ലാ അടിസ്ഥാന മതദർശനങ്ങളും ഏകദൈവത്തെയാണ് ലോകത്തിന് പരിചയപ്പെടുത്തുന്നത്. അതുൾക്കൊള്ളാൻ കഴിയാത്ത മനുഷ്യർ ദൈവത്തിന്റെ മാലാഖമാരെയും സന്ദേശവാഹകരെയും ദൈവമായി തെറ്റിദ്ധരിച്ചു പ്രാർഥിക്കുന്നു എന്നുമാത്രം. ഉപനിഷത് മന്ത്രങ്ങൾ തെളിവായി ഉദ്ധരിച്ചുകൊണ്ട് യേശുദാസ് പറഞ്ഞു. അദമ്യമായ ലോകസമാധാന വാഞ്ഛയാൽ പ്രചോദിതമായ ഒരു സംരംഭമാണ് ഇന്ന് സമാരംഭിക്കുന്നത്.




■ മതാന്തര ഡയലോഗിന്റെ സിഡി എം.ഡി നാലപ്പാട്ടിന് നൽകി യേശുദാസ് പ്രകാശനം ചെയ്യുന്നു

സംഘാടക സമിതി എന്നെ വിളിച്ചപ്പോൾ എനിക്ക് സന്തോഷവും അഭിമാനവും തോന്നി; എന്നെയും സമാധാനത്തിന്റെ ഏജന്റായി അവർ കരുതിയെന്നതിനാലാണ് അഭിമാനം. ഒരൊറ്റ മാതാപിതാക്കളുടെ മക്കളായ നാമൊക്കെ മതവും ജാതിയും,

ഭാഷയും ദേശവും മറന്ന് ഏകോദര സഹോദരങ്ങളെപ്പോലെ വർത്തിക്കേണ്ടവരാണ്. കൃത്രിമമായ മതിൽകെട്ടുകൾ ദൈവനിശ്ചിതമല്ല; മനുഷ്യ നിർമിതമാണ്. ഈ ലോകത്തെ നരകീയമാക്കാൻ വിട്ടുകൊടുത്ത് വരും ജീവിതത്തെ സഹ്യമാക്കാനാകുമെന്ന് കരുതരുത്. ഇവിടെ എന്റെ ഒരു യത്നം ആരംഭിക്കുകയാണ്; ഇതിന്റെ ഭാഗമായതിൽ ഞാനഭിമാനം കൊള്ളുന്നു.

"പലരുടെയും മതബോധം ബാഹ്യമാണ്; ആന്തരികമല്ല. അതുകൊണ്ടാണ് മതവിശ്വാസികളുടെ സംഖ്യ വർധിച്ചുകൊണ്ടിരിക്കുമ്പോഴും ക്രിമിനൽ സ്വഭാവവും സമൂഹത്തിൽ വ്യാപിക്കുന്നത്. തിന്മയെയും അധർമത്തെയും തടയാൻ കെൽപില്ലാത്ത മതബോധം വ്യാജവും, ഉപരിപ്ലവവുമാണ്. ദൈവത്തെ മാത്രം ആരാധിച്ചുകൊണ്ട് മനുഷ്യന് നന്മ ചെയ്തുകൊണ്ട് ജീവിച്ച് പരലോകമോക്ഷം നേടണമെന്നാണ് എല്ലാ മതങ്ങളുടെയും അടിസ്ഥാനപരമായ സന്ദേശം. അതുകൊണ്ട് മനുഷ്യനെ നിയാമകമായി സ്വാധീനിക്കേണ്ട മൂല്യങ്ങൾ സാഹോദര്യം, സ്നേഹം, പരസ്പര ബന്ധുരത, സംരക്ഷണം, യോജിപ്പ്, ദുർബലരോടുള്ള സഹാനുഭൂതി എന്നിവയാണ്. സമാധാനവാഞ്ഛ ഇവക്കൊക്കെ അടിസ്ഥാനമായി നിൽക്കുകയും വേണം. നീതിക്ക് സാക്ഷ്യം വഹിച്ചുകൊണ്ട് ഭൂമിയിൽ സത്യവും ധർമവും പരിപാലിക്കുക എന്ന അടിസ്ഥാന കർത്തവ്യം വിസ്മരിച്ചുകൊണ്ടുള്ള മതബോധം കഴമ്പില്ലാത്തതാണ്" – ഡയലോഗ് സെന്ററിന്റെ പ്രസക്തി വിശദീകരിച്ചുകൊണ്ട് വി.കെ അബ്ദുൽഅസീസ് ജിദ്ദ പറഞ്ഞു.

"മതങ്ങൾ മിത്തുകൾക്കടിപ്പെട്ടു ഫോസിലീകൃതമായി മാറിക്കഴിഞ്ഞ കാലത്താണ് നാമുള്ളത്. യഥാർഥ ഭക്തിയിൽനിന്ന് അകന്ന ആധുനിക മനുഷ്യൻ ഇന്ന് ഉപരിപ്ലവ മതബോധത്തിലാണുള്ളത്. ഭക്തി അഭിനയിക്കുകയാണ് പലരും. അല്ലെങ്കിൽ മതങ്ങളുടെ പേരിൽ രക്തം ചിന്താനും അക്രമം സംഘടിപ്പിക്കാനും കഴിയുന്നതെങ്ങനെ?!"– ജസ്റ്റിസ് പി.കെ ഷംസുദ്ദീൻ പറഞ്ഞു.

"യാഥാർഥ്യത്തിലൂന്നിയ വിഭിന്ന മൂല്യങ്ങൾ തേടിയുള്ള അന്വേഷണമാണ് ആത്മീയത. ഏതെങ്കിലും മതത്തിലുൾപ്പെടുന്നു എന്നതുകൊണ്ട് മാത്രം ആത്മീയത നേടിയെടുക്കാനാവില്ല. യഥാർഥ വിശ്വാസികൾ യോജിച്ചു നിന്നുകൊണ്ട് നീതിക്കും ധർമത്തിനും വേണ്ടി പൊരുതിയേ പറ്റൂ. അല്ലാതെ വിശ്വാസികളാണെന്ന അവകാശവാദം പൊയ്‌വാക്കാണ്. നാം ഒത്തുചേർന്ന് രഞ്ജിപ്പിന്റെ ലോകം പടുത്തുയർത്തണം"– പ്രശസ്ത എഴുത്തുകാരൻ കെ.പി രാമനുണ്ണി പറഞ്ഞു.

അബ്ദുല്ലാ രാജാവിന്റെ നേതൃത്വത്തിൽ മാഡ്രിഡിലും ജനീവയിലും സംഘടിപ്പിക്കപ്പെട്ട മതാന്തര ഡയലോഗിന്റെ ഇംഗ്ലീഷിലും മലയാളത്തിലും തയാറാക്കപ്പെട്ട രണ്ട് വീഡിയോ പ്രോഗ്രാമുകൾ യേശുദാസ് പ്രഫ. എം.ഡി നാലപ്പാടിന് നൽകി പ്രകാശനം ചെയ്തു.

വ്യത്യസ്ത മതവിഭാഗങ്ങൾ സമാധാനത്തിലും യോജിപ്പിലും നീങ്ങുന്ന, നീതി പുലരുന്നതും പ്രകൃതിയോടിണങ്ങുന്നതുമായ ഒരു ലോകം പടുത്തുയർത്താൻ ഡയലോഗിനെ ഉപയോഗിക്കുക എന്നതാണ് ഈ സംരംഭത്തിന്റെ ലക്ഷ്യമെന്ന് സംഘാടകർ വ്യക്തമാക്കി. സംഘാടകരായ അഡ്വ. പി.കെ ഇബ്‌റാഹീം, വി.എ മുഹമ്മദ് അശ്‌റഫ് (ഫോറം ഫോർ ഫെയ്ത്ത് ആന്റ് ഫ്രറ്റേർണിറ്റി, ഫോറം ഫോർ ഇന്റലക്ചൽ ഡയലോഗ്) എന്നിവരും യോഗത്തിൽ പങ്കെടുത്തു. എൻ.എം ഷറഫുദ്ദീൻ സ്വാഗതം പറഞ്ഞു. ■